(ബി) ഈ കാർഡിൽ പറയുന്നതിനേക്കാൾ കൂടുതൽ കണക്ടഡ് ലോഡ് ഉപഭോക്താവിന് ഉണ്ടോ ; കൂടുതൽ വൈദ്യുതി ഉപഭോക്താവ് ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ടിന്റെ 42,43 വകുപ്പുകൾ പ്രകാരം ഉപഭോക്താവിനെതിരെ നടപടി എടുക്കണമെന്ന് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത വകുപ്പുകൾ അനുസരിച്ച് എടുക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത് സംബന്ധിച്ച് ഉപഭോക്താക്കളുടെ ഇടയിൽ വ്യാപകമായ അറിയിപ്പ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൺസ്യൂമർ കാർഡുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(സി) പ്രസക്തമല്ല.

(ഡി) കൺസ്യൂമർ കാർഡ് സംബന്ധിച്ച് വ്യാപകമായ അറിയിപ്പ് നൽകിയിട്ടുണ്ട്.

വൈദ്യുതി ഉൽപാദനവിതരണ മേഖലകളിലെ പരിഷ്ക്കാരങ്ങൾ

64 (216) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വൈദ്യുതി ഉൽപാദന-വിതരണ-പ്രസരണ മേഖലകളിൽ ഗവൺമെന്റ് എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സ്വകാര്യമേഖലയിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി ഏതെങ്കിലും സ്വകാര്യസംഘടനകൾ ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1. നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

2. പുതിയ ജലവൈദ്യുത പദ്ധതികളും, താപനിലയങ്ങളും അടിയന്തിരമായി നിർമ്മിക്കുക.
3. പഴക്കമുള്ള ജലവൈദ്യുത പദ്ധതികൾ നവീകരിക്കുകയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
4. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുക.
5. ഊർജ സംരക്ഷണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
6. കുറ്റമറ്റ പ്രസരണ വിതരണ ശൃംഖല സ്ഥാപിക്കുക.
7. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ വൈദ്യുതി ഉൽപാദന നിലയങ്ങൾ സ്ഥാപിക്കുക.

(ബി) സർക്കാർ പ്രഖ്യാപിച്ച വൈദ്യുതി നയമനുസരിച്ച് വൈദ്യുതി ബോർഡിൽ ഉൽപാദനം-പ്രസരണം-വിതരണം എന്നിവയ്ക്ക് ഓരോ പ്രോഫിറ്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ കീഴിൽ അതാത് മെമ്പർമാരുടെ ചുമതലയിലാണ് ഈ പ്രോഫിറ്റ് സെന്ററുകൾ പ്രവർത്തിക്കുക. ഓരോ പ്രോഫിറ്റ് സെന്ററും വൈദ്യുതി മീറ്ററുകൾ സ്ഥാപിച്ച് വൈദ്യുതി അളന്ന് കൈമാറ്റം ചെയ്യുകയും, അവയുടെ കണക്ക് തിട്ടപ്പെടുത്തുകയും ചെയ്യും. വിതരണമേഖലയിൽ മൂന്ന് റീജിയണൽ പ്രോഫിറ്റ് സെന്ററുകൾ ഉണ്ടാകും. വിതരണമേഖലയിൽ നിലവിലുള്ള സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഘട്ടം ഘട്ടമായി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു വരുന്നു. വൈദ്യുതി മേഖലയിൽ ഊർജ നയത്തിനനുസരിച്ചുള്ള പുനഃസംഘടന സംബന്ധിച്ച പഠനം നടത്തുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള കർമ്മ സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിലെ പരിഷ്ക്കാരങ്ങൾ പരിഗണിച്ചാണ് പ്രോഫിറ്റ് സെന്ററുകൾക്ക് രൂപം നൽകിയത്. സാമ്പത്തിക ലഭ്യതയനുസരിച്ച് വിവിധ ഘട്ടങ്ങളായി ഇത് നടപ്പാക്കും.

(സി,ഡി&ഇ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡിന്റെ 157 മെഗാ വാട്ട് ശേഷിയുള്ള താപനിലയം ഭാഗികമായി പണി പൂർത്തിയാക്കി ഉൽപാദനം ആരംഭിച്ചു. കാസർകോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് മൈലാട്ടിയിൽ 20 മെഗാവാട്ട് ശേഷിയുള്ള താപനിലയത്തിന്റെ പണി ആരംഭിച്ചു. 2000-മാണ്ട് അവസാനത്തോടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഡി.സി. പി.എൽ. കാസർകോഡ് 107 മെഗാവാട്ട് ശേഷിയുള്ള താപനിലയത്തിനുള്ള അവസാന പി.പി.എ. ഒപ്പു വച്ചു. പണി ആരംഭിക്കാൻ നടപടി എടുത്തു വരുന്നു. ഇതുകൂടാതെ താഴെപ്പറയുന്ന വൻകിട താപവൈദ്യുത നിലയങ്ങൾക്ക് സാങ്കേതിക സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

സിയാസിൻ എനർജി ലിമിറ്റഡ്, കൊച്ചി - 679 മെഗാവാട്ട്

കണ്ണൂർ പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് - 513 മെഗാവാട്ട്

ഇതിനു പുറമേ കൊച്ചിൻ റിഫൈനറി ലിമിറ്റഡിലെ ഉൽപാദന അവശിഷ്ടം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന സംരംഭത്തിൽ ഓഹരി എടുക്കുവാൻ ബോർഡിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly